"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- ദേശീയപാത 66-ന്റെ (കൊടുങ്ങല്ലൂർ - ഇടപ്പള്ളി സെക്ഷൻ) bypassed stretch - ഒറ്റത്തവണ നവീകരണ പ്രവൃത്തികൾ - ശ്രീ. പി.എൻ. ഷാനവാസ് സമർപ്പിച്ച ടെൻഡർ അംഗീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.41/2026/PWD തിരുവനന്തപുരം, തീയതി,31-07-2026

---

പരാമർശം:- 1. സ.ഉ(അച്ചടി) നം. 16/2017/Fin തീയതി 06.02.2017.

2. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ(NHAI) റീജിയണൽ ഓഫീസറുടെ 06.02.2026 തീയതിയിലെ 11137/RO-Kerala/State Govt. Corres/339 നമ്പർ കത്ത്.

3. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുട്ട 02.03.2026 തീയതിയിലെ ഉത്തരവ് നമ്പർ PWD/NH/EST_TS/23333/2024_5_1_1 .

4. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ 03.07.2026, 24.07.2026 തീയതികളിലെ CEPWD/8495/2025-DB3(W)-NH നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ദേശീയപാത-66 ലെ കൊടുങ്ങല്ലൂർ—ഇടപ്പള്ളി സെക്ഷന്റെ വികസനത്തിന്റെ ഭാഗമായി നിലവിലെ ദേശീയപാതയുടെ (Old NH-66) "ഡിസൈൻ ചെയിനേജ് 400/410 മുതൽ 407/930" വരെയുള്ള ഭാഗത്തെ bypassed stretch ഒറ്റത്തവണ നവീകരണ പ്രവൃത്തിയിൽ (One Time Improvement - OTI) ഡെപ്പോസിറ്റ് വർക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി, പരാമർശം 2 പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) ₹12.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിക്ക് ₹12.60 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ചു.

2. ടെൻഡർ നടപടികളുടെ ഭാഗമായി ലഭിച്ച ഏറ്റവും കുറഞ്ഞ ബിഡ് സംബന്ധിച്ച് ബിഡ്ഡറുമായി നടത്തിയ ചർച്ചകൾക്ക് ശേഷവും, ശ്രീ. പി.എൻ. ഷാനവാസ് ക്വോട്ട് ചെയ്ത ₹12,58,75,236/- (പന്ത്രണ്ട് കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപ EPAC-യേക്കാൾ 17.89% ഉം, DSoR+10%-നേക്കാൾ 7.11% ഉം, LMR മൂല്യത്തേക്കാൾ 8.87% ഉം കൂടുതൽ ആയിട്ടുള്ള സാഹചര്യത്തിൽ, സ.ഉ. (അച്ചടി) നം.16/2017/ധന തീയതി 06.02.2017-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ ഇളവ്

അനുവദിച്ച് ടെൻഡർ അംഗീകരിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

| | |
|---|---|
| Administrative Sanction Amount(NHAI) | ₹12,60,00,000/- |
| EPAC(DSoR2021) | ₹10,67,76,759/- |
| LMR | ₹11,56,23,387.92/- |
| DSoR2021+10% | ₹11,75,23,441/- |
| Quoted Amount(Negotiated) | ₹12,59,28,582/- |
| Quoted Amount(Renegotiated) | ₹12,58,75,236/- |

3. സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത പ്രവൃത്തി NHAI-യുടെ പൂർണ്ണ ധനസഹായത്തോടെ ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതും സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്തതും, നിലവിലെ റോഡിന്റെ അതീവ ശോചനീയാവസ്ഥ കണക്കിലെടുത്ത് പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കേണ്ടത് പൊതുതാൽപര്യത്തിന് അനിവാര്യമാണെന്നും, എസ്റ്റിമേറ്റ് പുതുക്കി വീണ്ടും ടെൻഡർ ക്ഷണിച്ചാലും ഇതിലും മെച്ചപ്പെട്ട ഓഫർ ലഭിക്കാൻ സാധ്യതയില്ലെന്ന് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നതും പരിഗണിച്ച്, സ.ഉ.(അച്ചടി) നം.16/2017/ധന തീയതി 06.02.2017-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച്, "DEPOSIT-6L of Kodungallur to Edapally Section of NH-66 – Improvement Works to Existing NH-66 (Design Chainage 400/410 to 407/930) – General Civil Work" എന്ന പ്രവൃത്തിക്കായി ശ്രീ. പി.എൻ. ഷാനവാസ് സമർപ്പിച്ച ₹12,58,75,236/- (പന്ത്രണ്ട് കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയഞ്ചായിരത്തി ഇരുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപയുടെ ടെൻഡർ അംഗീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാത വിഭാഗം, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദേശീയപാത, സെൻട്രൽ സർക്കിൾ, ഇടപ്പള്ളി, എറണാകുളം.
ധനകാര്യ വകുപ്പ്(INPWC1/126/2026-FIN(E 3563649) തീയതി 20.07.2026)
പൊതുഭരണ എസ്.സി വകുപ്പ്(ഇനം നമ്പർ 98 തീയതി 29.07.2026)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh M R
Date: 31-07-2026
17:44:56

സെക്ഷൻ ഓഫീസർ

പകർപ്പ്:
മുഖ്യമന്ത്രിയുടെ പി.എസ് ന്

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് ന്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 29-07-2026

ഫയൽ നം. D3/328/2026/PWD. ഇനം നം : 98

വിഷയം : പൊതുമരാമത്ത് വകുപ്പ് - ദേശീയപാത-66 - കൊടുങ്ങല്ലൂർ - എടപ്പള്ളി ഭാഗം - റോഡിന്റെ improvement works പ്രവൃത്തി - ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

98

# കേരള സർക്കാർ

(ശ്രീ.വി.ഡി. സതീശൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | D3/328/2026-PWD |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | ദേശീയപാത-66 കൊടുങ്ങല്ലൂർ - എടപ്പള്ളി ഭാഗം - റോഡിന്റെ improvement works പ്രവൃത്തി - ടെൻഡർ അംഗീകരിക്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/07/2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഇല്ല |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. വിനോദ് വി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. അദീല അബ്ദുള്ള |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ്സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/07/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/07/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.കെ. ബഷീർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27/07/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28/07/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. ദേശീയപാത 66-ന്റെ (കൊടുങ്ങല്ലൂർ - ഇടപ്പള്ളി സെക്ഷൻ) ബൈപ്പാസ് ചെയ്ത ഭാഗത്തെ നവീകരണ പ്രവർത്തികൾക്കായി ശ്രീ പി.എൻ. ഷാനവാസ് സമർപ്പിച്ച ടെൻഡർ സ്വീകരിക്കണമെന്ന ചീഫ് എഞ്ചിനീയർ (NH) സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2.കൊടുങ്ങല്ലൂർ-ഇടപ്പള്ളി സെക്ഷന്റെ വികസന വേളയിൽ ഒഴിവാക്കപ്പെട്ട (bypassed) ദേശീയപാത 66-ലെ നിലവിലുള്ള ഭാഗങ്ങളിൽ ഒറ്റത്തവണ നവീകരണ പ്രവർത്തികൾ (One Time Improvement - OTI) നടത്തുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ(NHAI) 06.02.2026 തീയതിയിലെ 11137/RO-Kerala/State Govt. Corres/339 നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഒഴിവാക്കപ്പെട്ട ഭാഗങ്ങൾ നവീകരിച്ച് സംസ്ഥാന സർക്കാരിന് കൈമാറുക എന്ന എൻ.എച്ച്.എ.ഐ-യുടെ നയപ്രകാരം, കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (PWD) മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ബാധകമായ ജിഎസ്.ടി ഉൾപ്പെടെ ആകെ 12.60 കോടി രൂപയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഈ ഒറ്റത്തവണ നവീകരണ പ്രവർത്തികൾ കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പ് മുഖേന, അനുവദിച്ച എസ്റ്റിമേറ്റ്, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ (MoRTH) മാനദണ്ഡങ്ങൾ, സംസ്ഥാന പി.ഡബ്ല്യു.ഡി. ചട്ടങ്ങൾ എന്നിവ കർശനമായി പാലിച്ചുകൊണ്ട് നിർവ്വഹിക്കേണ്ടതാണെന്ന് ഭരണാനുമതിയിൽ (Administrative Sanction) വ്യക്തമാക്കുന്നു. 02.03.2026-ലെ ഉത്തരവ് നമ്പർ PWD/NH/EST_TS/23333/2024_5_1_1 പ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (NH), 12.60 കോടി രൂപയ്ക്ക് സാങ്കേതികാനുമതി (Technical Sanction) നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി മൂന്ന് തവണ ടെൻഡർ ചെയ്യുകയുണ്ടായി. ആദ്യത്തെ ടെൻഡറിൽ ആരും പങ്കെടുത്തില്ല, രണ്ടാമത്തെ ടെൻഡറിൽ ഒരു ബിഡ് (Single tender) മാത്രമേ ലഭിച്ചുള്ളൂ. മൂന്നാമത്തെ ടെൻഡറിൽ രണ്ട് ബിഡുകൾ ലഭിച്ചു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ശ്രീ. പി. എൻ. ഷാനവാസ് ആണ് - ₹12,60,53,888.93/- രൂപ. ക്വാട്ട് ചെയ്ത തുക കോൺട്രാക്റ്റിന്റെ അനുമാന തുകയേക്കാൾ (Estimated Probable

Amount of Contract - EPAC) 18.05% കൂടുതലായതിനാൽ, ബിഡ്ഡറുമായി നെഗോഷ്യേഷൻ നടത്തുകയും, ഇതിന്റെ ഫലമായി തുക ₹12,59,28,582/- രൂപയായി (EPAC-യേക്കാൾ 17.93% കൂടുതൽ) കുറയ്ക്കുകയും ചെയ്തു. പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവിധ നിരക്കുകൾ താരതമ്യം ചെയ്തത് ചുവടെ നൽകിയിരിക്കും പ്രകാരമാണ്.

| | |
|---|---|
| Administrative Sanction Amount(NHAI) | ₹12,60,00,000/- |
| EPAC(DSoR2021) | ₹10,67,76,759/- |
| LMR | ₹11,56,23,387.92/- |
| DSoR2021+10% | ₹11,75,23,441/- |
| Quoted Amount(Negotiated) | ₹12,59,28,582/- |

3. ഭരണാനുമതി നൽകിയിരിക്കുന്നത് എൻ.എച്ച്.എ.ഐ (NHAI) ആയതിനാൽ, സംസ്ഥാന സർക്കാരിന് ഇതിൽ നേരിട്ട് സാമ്പത്തിക ബാധ്യതകളൊന്നുമില്ല. എങ്കിലും, ഒറ്റത്തവണ നവീകരണ പ്രവർത്തികൾ കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പ് മുഖേന, അനുവദിച്ച എസ്റ്റിമേറ്റ്, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ (MoRTH) മാനദണ്ഡങ്ങൾ, സംസ്ഥാന പി.ഡബ്ല്യു.ഡി. ചട്ടങ്ങൾ എന്നിവ കർശനമായി പാലിച്ചുകൊണ്ട് നിർവ്വഹിക്കേണ്ടതാണെന്ന് ഭരണാനുമതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കായി അയക്കുകയും, ധനകാര്യ വകുപ്പ് താഴെ പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു:

"Administrative Department is informed as follows: If AD feels that further recasting and re tendering based on a recast estimate will not yield a better response, the approval for the tender for "Deposit-6L of Kodungallur to Edapally section of NH- 66: Improvement works (Design chainage 400/410 to 407/930)" may be submitted to the Council of Ministers after taking an earnest effort to bring the quote of ₹12,59,28,582/- to a reasonable limit, (preferably within 5% above the LMR PAC). This has the approval of Hon'ble Chief Minister."

4. ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം, ചീഫ് എഞ്ചിനീയർ (NH) തലത്തിൽ ബിഡ്ഡറുമായി നെഗോഷ്യേഷൻ നടത്തുകയുണ്ടായി. തുടർന്ന് നടത്തിയ നെഗോഷ്യേഷനിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ബിഡ്ഡർ തുക ₹12,58,75,236/- രൂപയായി (EPAC-യേക്കാൾ 17.89% കൂടുതൽ) കുറച്ചുവെന്നും, റോഡിന്റെ ശോചനീയാവസ്ഥ കാരണം ക്വാട്ട് ചെയ്ത തുക ഇതിൽ കൂടുതൽ കുറയ്ക്കാൻ അദ്ദേഹം തയ്യാറല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവിധ നിരക്കുകൾ താരതമ്യം ചെയ്തത് ചുവടെ നൽകിയിരിക്കും പ്രകാരമാണ്.

| | |
|---|---|
| Administrative Sanction Amount(NHAI) | ₹12,60,00,000/- |
| EPAC(DSoR2021) | ₹10,67,76,759/- |
| LMR | ₹11,56,23,387.92/- |
| DSoR2021+10% | ₹11,75,23,441/- |
| Quoted Amount(Negotiated) | ₹12,59,28,582/- |
| Quoted Amount(Renegotiated) | ₹12,58,75,236/- |

5. 06/02/2017 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(P) No. 16/2017/Fin. പ്രകാരം, "the condition to allow maximum tender excess is at the quoted rate/LMR or DSR+ 10% whichever is less" എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഈ പ്രവൃത്തി മൂന്ന് തവണ ടെൻഡർ ചെയ്യുകയുണ്ടായി. മൂന്നാമത്തെ ടെൻഡറിൽ രണ്ട് ബിഡുകൾ ലഭിച്ചു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിട്ടുള്ളത് ₹12,59,28,582/- രൂപയാണ്. എന്നാൽ ഈ തുക EPAC-യേക്കാൾ 17.93% വും, DSoR+10%-നേക്കാൾ 7.15% വും, LMR മൂല്യത്തേക്കാൾ 8.91% വും കൂടുതലായിരുന്നു. നെഗോഷ്യേഷൻ നടത്തിയെങ്കിലും, ബിഡ്ഡർ തുക ₹12,58,75,236/- രൂപയായി മാത്രമേ കുറച്ചുള്ളൂ. റോഡിന്റെ ശോചനീയാവസ്ഥ കാരണം ഇതിൽ കൂടുതൽ തുക കുറയ്ക്കാൻ ബിഡ്ഡർ തയ്യാറല്ല. എന്നാൽ ഈ തുകയും EPAC-യേക്കാൾ 17.89% വും, DSoR+10%-നേക്കാൾ 7.11% വും, LMR മൂല്യത്തേക്കാൾ 8.87% വും കൂടുതലാണ്. നിലവിലെ ദേശീയപാത 66-ൽ

മൂത്തകുന്നം ലേബർ ജംഗ്ഷൻ (existing Ch.414 600) മുതൽ വഴിക്കുളങ്ങര (existing Ch.422/850) വരെയുള്ള ഭാഗം വളരെ വാഹനത്തിരക്കുള്ളതും, പാതയിലുടനീളം വലിയ ഗർത്തങ്ങൾ രൂപപ്പെട്ടതുമായ അവസ്ഥയിലാണ്. NHAI-യുടെ നേതൃത്വത്തിൽ നടക്കുന്ന ദേശീയപാത 66-ന്റെ ആറുവരിപ്പാത നിർമ്മാണ പ്രവൃത്തികൾ കാരണം എല്ലാ വാഹനങ്ങളും ഈ വഴി തിരിച്ചുവിടുന്നതിനാലും, നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതിനാൽ ഓടകൾ ഇല്ലാത്തതിനാലും അടഞ്ഞുപോയതിനാലും ഭൂരിഭാഗം സ്ഥലങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടുന്നതിനാലും റോഡ് പൂർണ്ണമായും തകർന്നിരിക്കുകയാണ്. ആയതിനാൽ, അപകടങ്ങൾ കുറയ്ക്കുന്നതിനും സുഗമമായ ഗതാഗതം ഉറപ്പാക്കുന്നതിനും റോഡിന്റെ ഓവർലേ (overlay) പ്രവൃത്തികൾ അടിയന്തരമായി ചെയ്യേണ്ടതുണ്ട്. എസ്റ്റിമേറ്റ് പുതുക്കി (recasting) വീണ്ടും ടെൻഡർ ചെയ്താലും ഇതിലും മികച്ചൊരു ഓഫർ ലഭിക്കാൻ സാധ്യതയില്ലെന്ന് ചീഫ് എഞ്ചിനീയർ (NH) സ്ഥിരീകരിച്ചിട്ടുണ്ട്. ആയതിനാൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.

## തീരുമാനിക്കേണ്ട വിഷയം

"DEPOSIT-6L of Kodungallur to Edapally section of NH-66-Improvement works to existing NH66-Design chainage 400/410 to 407/930-General Civil Work" എന്ന പ്രവൃത്തിക്ക് ക്ഷണിച്ച ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ടെൻഡർ സമർപ്പിച്ച ശ്രീ. പി.എൻ. ഷാനവാസ് ക്വോട്ട് ചെയ്ത ₹12,58,75,236/- (പന്ത്രണ്ട് കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയയ്യായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപ EPAC-യേക്കാൾ 17.89% ഉം, DSoR+10%-നേക്കാൾ 7.11% ഉം, LMR മൂല്യത്തേക്കാൾ 8.87% ഉം കൂടുതൽ ആയിട്ടുള്ള സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ അംഗീകരിച്ച്, 06.02.2017 തീയതിയിലെ സ.ഉ.(അച്ചടി) നം.16/2017/ധന നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള മാനദണ്ഡമായ quoted rate / DSoR+10% / LMR whichever is less എന്നതിൽ ഇളവ് നൽകിക്കൊണ്ട് ടെണ്ടർ അംഗീകരിക്കാവുന്നതാണോ?